# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54 - 10/03/2015 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

<table>
<tr><td>ചോദ്യം<br><br>ശ്രീ.ബി.സത്യൻ<br>ശ്രീ.എം.എ.ബേബി<br>ഡോ.ടി.എം.തോമസ് ഐസക്<br>പ്രൊഫ.സി.രവീന്ദ്രനാഥ്</td><td>ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ) കേരളത്തെ കടക്കെണിയിൽ നിന്നും മോചിപ്പിക്കുമെന്ന വാഗ്ദാനത്തിന്റെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;</td><td>സംസ്ഥാനങ്ങൾ കടക്കെണിയിലകപ്പെടരുതെന്ന ഉദ്ദേശ്യത്തോടെ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള 2011 ലെ ധനഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യതയുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ അനുപാതത്തിലുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു.<br>(ശതമാനത്തിൽ)<br><table><tr><td></td><td colspan="2">2011-12</td><td colspan="2">2012-13</td><td colspan="2">2013.14</td></tr><tr><td></td><td>ലക്ഷ്യം</td><td>നേട്ടം</td><td>ലക്ഷ്യം</td><td>നേട്ടം</td><td>ലക്ഷ്യം</td><td>നേട്ടം</td></tr><tr><td>കടബാദ്ധ്യത (സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പന്നത്തിന്റെ അനുപാതത്തിൽ)</td><td>32.3</td><td>29.04</td><td>31.7</td><td>29.64</td><td>30.7</td><td>30.03*</td></tr></table>(* സംസ്ഥാന മൊത്തം ആഭ്യന്തര ഉൽപ്പന്നം ക്വിക്ക് എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ)<br><br>2011-12, 2012-13, 2013-14 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത ധനഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യത്തിനുള്ളിൽ തന്നെ നിലനിറുത്തുവാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനം കടക്കെണിയിലാണെന്ന് വിലയിരുത്താനാവില്ല.</td></tr>
<tr><td>(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള മൊത്തം കടം എത്രയായിരുന്നു;</td><td>ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 31.03.2011 വരെ സംസ്ഥാനത്തിന്റെ മൊത്തം പൊതുകടം 78,673.24 കോടി രൂപയായിരുന്നു.</td></tr>
</table>

<table>
<tr>
<td>(സി) കഴിഞ്ഞ നാലു വർഷം കൊണ്ട് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായി ഉയർന്നു; വിശദമാക്കുമോ;</td>
<td>കഴിഞ്ഞ നാലു വർഷത്തെ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>കടബാദ്ധ്യത</th></tr>
<tr><td>2011-12</td><td>89418.18</td></tr>
<tr><td>2012-13</td><td>103560.84</td></tr>
<tr><td>2013-14</td><td>119009.07</td></tr>
<tr><td>2014-15 ഡിസംബർ 31 വരെ (പ്രാഥമിക കണക്കുകൾ പ്രകാരം)</td><td>128095.05</td></tr>
</table>
</td>
</tr>
<tr>
<td>(ഡി) കടബാദ്ധ്യത വർദ്ധിക്കാനിട യായതിന്റെ കാരണം വ്യക്തമാക്കാമോ;</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ 12010 കോടി രൂപയും 2012-13-ൽ 14010 കോടി രൂപയും 2013-14-ൽ 17000 കോടി രൂപയും 2014-15 ൽ 20,000 കോടി രൂപയുമാണ്. പദ്ധതി അടങ്കലിലെ വർദ്ധനവിനാനുപാതികമായി കടത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എങ്കിലും ഈ കാലയളവിൽ കടബാദ്ധ്യത 2011-ലെ ധന ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുശാസിക്കുന്ന ലക്ഷ്യത്തിനുള്ളിൽ നിർത്തുവാൻ സാധിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ഇ) നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ;</td>
<td>ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടുപാദത്തിൽ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിരുന്നില്ലെങ്കിലും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി കൈക്കൊണ്ട നടപടികളുടെ ഫലമായി ഇപ്പോൾ നികുതി വരുമാനത്തിൽ വർദ്ധനവ് കാണപ്പെടുന്നുണ്ട്.</td>
</tr>
<tr>
<td>(എഫ്) ഇപ്പോഴത്തെ ധനകാര്യ പ്രതിസന്ധിയെ കുറിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ?</td>
<td>ധവളപത്രം പുറപ്പെടുവിക്കുവാനുള്ള ഒരു സാഹചര്യം ഇപ്പോൾ നിലവിലില്ല.</td>
</tr>
</table>

*സെക്ഷൻ ഓഫീസർ*